**പതിനഞ്ചാം കേരള നിയമസഭ**
**നാലാം സമ്മേളനം**
**ബുള്ളറ്റിൻ ഭാഗം - 2**
**2022 മാർച്ച് 15**

**നമ്പർ : 205**

## 2022 മാർച്ച് 16-ന് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ചട്ടം 118 അനുസരിച്ച് താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നതാണ്.

പൊതുമേഖലയിൽ മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്ന എൽ.ഐ.സി. അഞ്ചുകോടി രൂപ മൂലധനത്തിൽ 01.09.1956 നാണ് ആരംഭിച്ചത്. കണക്കുകൾ പ്രകാരം എൽ.ഐ.സിയുടെ ആസ്തി 31.03.2021-ന് 38,04,610 കോടി രൂപയാണ്. ഈ തുക കേന്ദ്ര സർക്കാരിന്റെ ഒരു വർഷത്തെ ആകെ ബജറ്റ് എസ്റ്റിമേറ്റിന് തുല്യമാണ് എന്നത് എൽ.ഐ.സിയുടെ കരുത്തും വലുപ്പവും വ്യക്തമാക്കുന്നു. ആകെ വരുമാനത്തിൽ നിന്നും എല്ലാ ചെലവുകളും നിറവേറ്റി കഴിഞ്ഞാൽ ശരാശരി നാലുലക്ഷം കോടി രൂപയോളം ഓരോ വർഷവും എൽ.ഐ.സി മിച്ചമുണ്ടാക്കുന്നു. ഈ പണമത്രയും നാടിന്റെ വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത്. സമൂഹത്തിന് ഗുണകരമാകുന്നവിധം ഇതുവരെ എൽ.ഐ.സി നടത്തിയ നിക്ഷേപം 36,76,170.31 കോടി രൂപയാണ്. ഈ ബൃഹത്തായ വിഭവ സ്രോതസ്സാണ് എൽ.ഐ.സിയുടെ സ്വകാര്യവത്കരണത്തോടെ ഇല്ലാതാവുക.

പോളിസികളുടെ എണ്ണത്തിലും ക്ലെയിം തീർപ്പാക്കുന്നതിലെ മികവിലും ലോകത്തിലെ തന്നെ മുൻനിര സ്ഥാപനമാണ് എൽ.ഐ.സി. പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ എപ്പോഴും എൽ.ഐ.സിയുടെ ഊന്നൽ പോളിസി ഉടമകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിലാണ്. പോളിസി ഉടമകൾക്ക് ബോണസായി എൽ.ഐ.സി നൽകുന്നത് ലാഭത്തിന്റെ 95 ശതമാനമാണ്. ഇത് സ്വകാര്യ കമ്പനികൾ നൽകുന്നതിനേക്കാൾ ഉയർന്ന നിരക്കാണ്. എൽ.ഐ.സി.യുടെ ഓഫീസുകളിൽ 24 ശതമാനവും ഗ്രാമീണ മേഖലയിലാകുമ്പോൾ സ്വകാര്യ കമ്പനികളുടെ ഗ്രാമീണ സാന്നിധ്യം 3 ശതമാനമാണെന്നതും പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

ഐ.പി.ഒ വഴി 5 ശതമാനം ഓഹരികൾ മാത്രമാണ് ഇപ്പോൾ വിൽക്കുന്നതെന്നും അത് സ്വകാര്യവൽക്കരണം അല്ല എന്നും പ്രചരിപ്പിച്ച് ഓഹരി വിൽപ്പനയെ ന്യായീകരിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. എന്നാൽ, ഓഹരി വിൽപ്പന സ്വകാര്യവൽക്കരണത്തിന്റെ ആദ്യ ചുവടാണെന്നും സർക്കാരിന്റെ യഥാർത്ഥ ലക്ഷ്യം സ്വകാര്യവൽക്കരണമാണെന്നതും വ്യക്തമാണ്.

സ്വകാര്യ കമ്പനികളുടെ ചൂഷണത്തിൽ നിന്നും ഓഹരി ഉടമകളെ സംരക്ഷിക്കുക, പിന്നോക്ക പ്രദേശങ്ങളിലും ദുർബല ജനവിഭാഗങ്ങളിലേക്കും ഇൻഷുറൻസ് പരിരക്ഷ എത്തിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് എൽ.ഐ.സി. ദേശസാൽക്കരിക്കപ്പെട്ടത്. ജനങ്ങളുടെ സമ്പാദ്യത്തെ നാടിന്റെ വികസനത്തിന് ഉപയോഗിക്കുക എന്ന ലക്ഷ്യവും ഇതിനു പിന്നിലുണ്ടായിരുന്നു. ഈ കമ്പനിയെയാണ് സ്വകാര്യവൽകരിക്കുന്നതിന് പാർലമെൻറിൽ പോലും വിശദമായ ചർച്ചയ്ക്കും പരിശോധനയ്ക്കും അവസരം നൽകാതെ ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തി എൽ.ഐ.സി ആക്ട് കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തത്.

നാടിന്റെ വികസനവും ജനങ്ങളുടെ ക്ഷേമവും ഉറപ്പാക്കുന്നതിൽ സ്തുത്യർഹമായ പങ്കുവഹിച്ചുവരുന്ന ഒരു സ്ഥാപനത്തെ സ്വകാര്യനിക്ഷേപകരുടെ താൽപ്പര്യങ്ങൾക്ക് വിട്ടുകൊടുക്കുന്നത് നാടിനോ സമൂഹത്തിനോ ഗുണകരമല്ല എന്ന് ഈ സഭ വിലയിരുത്തുന്നു. അതുകൊണ്ടുതന്നെ, എൽ.ഐ.സിയുടെ ഓഹരി വിൽപ്പന നടപടിയിൽ നിന്നും പിന്തിരിയണമെന്നും ലൈഫ് ഇൻഷുറൻസ് കോർപറേഷനെ പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.